# ഹോസെ മാർട്ടി:
# ക്യൂബൻ സ്വപ്നത്തിന്റെ രചയിതാവ്

സക്കറിയ



ഹോസെ മാർട്ടി: ക്യൂബൻ സ്വപ്നത്തിന്റെ രചയിതാവ്
Paul Zacharia
(Malayalam: Article, Poem)

© 2020, Paul Zacharia
These electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Estatue of Jose Marti in Havana, Cuba, a photograph by Jorge G. Treche. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കവിതകൾ: ഹോസെ മാർട്ടി

(മാർട്ടിയുടെ സ്പാനിഷ് മൂലവും അതിന്റെ ഇംഗ്ലീഷ് വിവർത്തനങ്ങളും ഗൂഗ്ൾ ട്രാൻസ്‌ലേറ്റും ഉപയോഗിച്ചാണ് ഈ ഗദ്യപരിഭാഷ നടത്തിയത്. ഒരു കഥാകൃത്തിന്റെ അവിദഗ്ധ കരങ്ങളിൽപ്പെട്ട് ഇതിൽ വന്നിരിക്കാവുന്ന പിഴവുകൾക്ക് ഞാൻ മാത്രമാണ് ഉത്തരവാദി).

വിവർത്തനം: സക്കറിയ



സാന്റാ ക്ലാരയിൽ ചെയുടെ വഴിവക്കിലെ പ്രതിമ.

## ഒരാത്മാർഥ മനുഷ്യനാണ് ഞാൻ

പനകൾ വളരുന്ന നാട്ടിൽ നിന്ന്,[2]
മരിക്കുംമുൻപ് എന്റെ ആത്മാവിന്റെ കവിതകളെ
ഏല്പിച്ചുകൊടുക്കാൻ ഞാനാഗ്രഹിക്കുന്ന
നാട്ടിൽ നിന്ന്,
വന്ന ഒരാത്മാർഥ മനുഷ്യനാണ് ഞാൻ.[3]

ഞാൻ എല്ലായിടത്തുനിന്നും വന്നവനാണ്;
എല്ലായിടത്തും പോകുന്നവനും.
കലകൾക്കിടയിൽ ഞാൻ കലയാണ്;
മലകൾക്കിടയിൽ മലയും,

ചെടികളുടെയും പൂക്കളുടെയും
വിചിത്ര നാമങ്ങൾ എനിക്കറിയാം
മാരകവഞ്ചനകളെയറിയാം
ഉദാത്ത ദുഃഖങ്ങളെയുമറിയാം

ഇരുണ്ട രാത്രിയിൽ
സ്വർഗീയ സൗന്ദര്യത്തിന്റെ പരിശുദ്ധ രശ്മികൾ
എന്റെ ശിരസ്സിൽ വന്നു പതിക്കുന്നത്
ഞാൻ കണ്ടിട്ടുണ്ട്.

സുന്ദരികളുടെ തോളുകളിൽ നിന്ന്
ചിറകുകൾ മുളയ്ക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.
ചവർക്കുനയിൽനിന്ന് ചിത്രശലഭങ്ങൾ
പറന്നുയരുന്നതും കണ്ടിട്ടുണ്ട്.

അരികിൽ വെച്ച കത്തിയുമായി
ജീവിക്കുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടിട്ടുണ്ട്,
തന്നെ വധിച്ചവളുടെ പേർ
ഒരിക്കലും പറയാതെ.

ദ്രുതഗതിയിൽ, കണ്ണാടിയിൽ കാണുംപോലെ,
രണ്ടുതവണ ഞാൻ
എന്റെ ആത്മാവിനെ കണ്ടു.
രണ്ടുതവണ: എന്റെ പാവം
അപ്പൻ മരിച്ചപ്പോൾ;
പിന്നെ അവൾ വിടപറഞ്ഞപ്പോഴും.

ഒരിക്കൽ ഞാൻ വിറച്ചു;
മുന്തിരിത്തോപ്പിന്റെ കവാടത്തിൽ വച്ച്
അക്രമിയായൊരു കടന്നൽ
എന്റെ കുഞ്ഞുമകളുടെ നെറ്റിയിൽ
കുത്തിയപ്പോൾ.

ആരും അനുഭവിക്കാത്ത
ഒരുസൗഭാഗ്യം എനിക്ക് ലഭിച്ചു;
എന്റെ വധശിക്ഷാവിധി
നഗരപിതാവ് കരഞ്ഞുകൊണ്ട്
എന്നെ വായിച്ചു കേൾപ്പിച്ചപ്പോൾ.

ദേശങ്ങൾക്കും കടലിനും മീതെ
ഞാനൊരു നെടുവീർപ്പ് കേൾക്കുന്നു.
അതൊരു നെടുവീർപ്പല്ല—എന്റെ
മകൻ ഉണരാൻ തുടങ്ങുന്നതാണ്.

രത്നവ്യാപാരിയിൽനിന്ന്,
ഏറ്റവും നല്ലരത്നം കൈക്കൊള്ളാൻ
പറഞ്ഞാൽപ്പോലും,
പകരം ഞാനെടുക്കുക
ഒരാത്മാർഥ സുഹൃത്തിനെയാണ്.
എന്റെ സ്നേഹം അവനായി
മാറ്റിവെക്കുകയും ചെയ്യും.

മുറിവേറ്റ കഴുകൻ
പ്രശാന്ത നീലാകാശത്തിലേക്ക് പറക്കുന്നത്
ഞാൻ കണ്ടിട്ടുണ്ട്.
വിഷപ്പാമ്പ് അതിന്റെ മാളത്തിൽ
മരിക്കുന്നതും കണ്ടിട്ടുണ്ട്.

എനിക്കറിയാം—ലോകം ക്ഷീണിതമായി
നിശ്ചലതയ്ക്ക് വഴങ്ങുമ്പോൾ
സൗമ്യമായ അരുവി അഗാധനിശ്ശബ്ദതയുടെ മർമരം
ഉയർത്തുന്നത് കേൾക്കാനാവും.

എന്റെ വാതിൽക്കൽ പതിച്ച
മൃതിയടഞ്ഞ നക്ഷത്രത്തെ
പേടിച്ചും ആനന്ദിച്ചും
ധൈര്യം പൂണ്ട ഒരു കരത്താൽ
ഞാൻ തൊട്ടിട്ടുണ്ട്.

എന്റെ രുദ്രമായ ഹൃദയത്തിൽ
വിങ്ങുന്ന വേദനയെ ഒളിപ്പിച്ചിട്ടുണ്ട്.
അടിമപ്പെട്ട ഒരു ജനതയുടെ
ഈമകൻ അതുമായി,
നിശ്ചലനായി, മരിച്ചവനായി ജീവിക്കുന്നു.

എല്ലാം സുന്ദരവും സുസ്ഥിരവുമാണ്.
എല്ലാം സംഗീതവും സമചിത്തതയുമാണ്.
എല്ലാം, രത്നക്കല്ലിനെപ്പോലെ,
പ്രകാശിക്കുംമുമ്പ് കരിക്കട്ടയുമാണ്;

വിഡ്ഢിയെ സംസ്കരിക്കുന്നത്
വൻ ആഡംബരത്തോടെയും
വിലാപത്തോടെയുമാണെന്ന്
എനിക്കറിയാം;
ലോകത്തിലെ ഒരു പഴവും
ശവപ്പറമ്പിലേതിനോട് ഒക്കില്ല
എന്നും.

ഞാൻ നിർത്തുന്നു; ഞാൻ
മനസ്സിലാക്കുന്നു;
ഞാൻ കവിയുടെ മോടികൾ
എടുത്തുകളയുന്നു.
എന്റെ ജ്ഞാനത്തിന്റെ തൊപ്പി
ഒരു ഉണക്കമരക്കമ്പിൽ തൂക്കിയിടുന്നു.

(*Versos Sencillos, Simple Verses*, 1891)

---

2. ക്യൂബ പനകളുടെ നാടാണ്.
3. ഈ വരികളാണ് "ഗ്വണ്ടാനമെരാ" എന്ന ഗാനത്തിൽ തുടക്കത്തിൽ പ്രത്യക്ഷപ്പെടുന്നത്.

## വെണ്ണക്കൽ ഇടനാഴികൾ

വെണ്ണക്കൽ ഇടനാഴികളെപ്പറ്റി
ഒരു സ്വപ്നം!
അവിടെ ദൈവീക നിശ്ശബ്ദതയിൽ
വീരനായകന്മാർ വിശ്രമം കൊള്ളുന്നു.
രാത്രിയിൽ ആത്മാവിന്റെ വെളിച്ചത്തിൽ
ഞാനവരോട്ട് സംസാരിക്കുന്നു.
രാത്രിയിൽ!

അവർ വരികളായി നിൽക്കുകയാണ്.
വരികൾക്കിടയിലൂടെ നടക്കാം.
കല്ലുകൊണ്ടുള്ള കൈകളെ ചുംബിക്കാം
അവർ അവരുടെ
കൽക്കണ്ണുകൾ തുറക്കുന്നു.
കൽച്ചുണ്ടുകൾ അനക്കുന്നു.
കൽത്താടികൾ വിറപ്പിയ്ക്കുന്നു.
അവർ കൽവാളുകളിൽ പിടിമുറുക്കുന്നു.
അവർ കരയുന്നു.
വാളുകൾ ഉറകളിൽ സ്പന്ദിക്കുന്നു.
നിശ്ശബ്ദം, ഞാനവരുടെ
കൈകളെ ചുംബിക്കുന്നു.

ഞാനവരോട്ട് സംസാരിക്കുന്ന
രാത്രിയിൽ!
അവർ വരികളായി നിൽക്കുകയാണ്.
വരികൾക്കിടയിലൂടെ നടക്കാം.

കരഞ്ഞുകൊണ്ട്
ഞാനൊരു പ്രതിമയെ കെട്ടിപ്പിടിച്ചു.
"പ്രതിമേ! അവർ പറയുന്നത്
നിന്റെ പുത്രന്മാർ നിന്റെ രക്തം
അവരുടെ യജമാനന്മാരുടെ
വിഷം പുരട്ടിയ പാനപാത്രങ്ങളിൽനിന്ന്
കുടിക്കുന്നുവെന്നാണ്.
അവർ തെമ്മാടികളുടെ ചീഞ്ഞ ഭാഷ
പറയുന്നു.
രക്തം പുരണ്ട
മേശപ്പുറത്ത് അവരുമായി
നിന്ദയുടെ അപ്പം പങ്കുവെക്കുന്നു.
അവർ അർഥമില്ലാത്ത വാക്കുകളാൽ
അവസാനത്തെ തീപ്പൊരിയും
ഇല്ലാതാക്കുന്നു.
പ്രതിമേ! ഉറക്കം പൂണ്ട പ്രതിമേ!
പറയപ്പെടുന്നത്
നിന്റെ വംശം മരിച്ചുകഴിഞ്ഞുവെന്നാണ്".

ഞാൻ ആലിംഗനം ചെയ്ത വീരനായകൻ
എന്നെ നിലത്തെറിയുന്നു.
കഴുത്തിൽ പിടിച്ച് എന്റെ തല
നിലത്തുരയ്ക്കുന്നു.
കൈയുയർത്തുന്നു സൂര്യനെപ്പോലെയുള്ള
കൈയുയർത്തുന്നു.
വെണ്ണക്കൽ മാറ്റൊലിക്കൊള്ളുന്നു.
വെളുത്ത കൈകൾ അരവാൾ
തേടുന്നു.
വെണ്ണക്കൽ മനുഷ്യർ
ചാടിവരുന്നു.

(*Versos Sencillos, Simple Verses*, 1891)




സാന്റിയാഗോ ഡി ക്യൂബയിൽ ഒരു പാതയോര സംഗീതസന്ധ്യ.

□

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014